| | | |
|---|---|---|
| | **PENCIL**<br>**Process Ensuring for Natural Classroom Interaction and Learning**<br>**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**<br>**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ-കരട്** | |

| **ക്ലാസ് : 3** | **യൂണിറ്റ് 1 – അമ്മയോടൊപ്പം** | **മൊഡ്യൂൾ : 1.** | **കണ്ണന്റെ അമ്മ** |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മാതൃഭാവത്തിന്റെ വ്യത്യസ്ത തലങ്ങൾ വരച്ചുകാട്ടുന്ന രചനകളാണ് അമ്മ യോടൊപ്പം എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കണ്ണന്റെ അമ്മ എന്ന കവിതയിൽ ബാല്യത്തിന്റെ മയിൽപ്പീലിക്കണ്ണുകളിൽ വിരിയുന്ന കുസൃ തികളും അത് പങ്കുവെക്കുന്ന സഹജീവികളുമാണ് നിറഞ്ഞുനില്ക്കുന്നത്. സുഗതകുമാരിയുടെ മനോഹരമായ കവിതയാണിത്. |
| **ആശയം** | ഈണത്തിലും താളത്തിലും ചൊല്ലുമ്പോൾ കവിത ആകർഷകമാകും. കവി തയിലെ ആശയത്തെ കഥാരൂപത്തിൽ മാറ്റിയെഴുതാം. കണ്ണന്റെ കുസൃതിക ളുമായി ബന്ധപ്പെട്ട ധാരാളം കഥകളുണ്ട്. കുട്ടികളുടെ മനസ്സിൽ നന്മകൾ വളർത്തുന്നതിൽ രക്ഷിതാക്കൾക്ക് പങ്കുണ്ട്. |
| **പഠനനേട്ടം** | കവിത കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. കവിതകൾ വായിച്ചും കേട്ടും ആസ്വദിച്ചും ഈണം ഭാവം, താളം എന്നിവ യോടെ ചൊല്ലുന്നു. സ്വന്തം ആശയം തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതി അവതരിപ്പിക്കുന്നു. ചിഹ്നം തിരിച്ചറിഞ്ഞ് സ്വന്തം ലേഖന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു. സഹപാഠികളുടെ രചനകൾ വിലയി രുത്തി അവർ ആവിഷ്ക്കരിച്ച ആശയങ്ങൾ, പ്രയോഗങ്ങൾ എന്നിവ വിശക ലനം ചെയ്ത് സ്വന്തം രചന മെച്ചപ്പെടുത്തുന്നു. |
| **വ്യവഹാര രൂപം** | സംഭാഷണം, കഥ, കവിത, വിവരണം |
| **സാമഗ്രികൾ** | വർക്ക്ഷീറ്റ്, കവിതകൾ |
| **സമയം** | 5 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1.ചിത്രവായന 2.കവിത വായനയിലേക്ക് 3.കവിതവായന 4.ചിതവായന 5. ആശയഗ്രഹണ ചോദ്യങ്ങൾ 6.വിശകലന ചോദ്യങ്ങൾ 7. വരികൾ കണ്ടെ ത്താം. 8.കണ്ണന്റെ കുസൃതികൾ 9. താളം കണ്ടെത്താം. 10.മാറ്റിച്ചൊല്ലാം 11.ചൊല്ലിരസിക്കാം. 12.മാറ്റിയെഴുതാം 13.ഒറ്റപ്പദമാക്കാം 14.കഥാരൂപത്തിലെ ഴുതാം 15.എഡറ്റിംഗ് 16.കുട്ടിക്കാലം കുസൃതിക്കാലം 17.എഡിറ്റിംഗ് |
| **വർക്ക് ഷീറ്റ്** | വരികൾ കണ്ടെത്താം 3101, താരതമ്യക്കുറിപ്പ് 3102, കണ്ണനോട് ഇഷ്ടം 3103 |
| **വായനാ സാമഗ്രി** | കണ്ണന്റെ കുസൃതികൾ, കണ്ണന്റെ അമ്മ – കഥ (3150) |
| **പോസ്റ്റർ** | കണ്ണന്റെ കുസൃതികൾ |
| **സർഗ്ഗവേള** | കവിതാലാപനം, കഥ പറയൽ, സമഗ്ര കവികൾ<br>സംഭാഷണം, അഭിനയം |
| **ദിനാചരണം** | കവിത, വിവരണം |
| **ചുമർചിത്രം** | ശേഖരിച്ച കവിതകൾ, കവിതയെ ക.ഥയാക്കിയത്<br>ചിത്രങ്ങൾ സംഭാഷണം, കുസൃതികൾ |
| **സിപിടിഎ** | പ്രകടനം (കവിത, കഥ, സംഭാഷണം, അഭിനയം)<br>പ്രദർശനം – ചാർട്ട്, വർക്ക്ഷീറ്റ്, വായനാ സാമഗ്രി |

**പ്രവർത്തനങ്ങൾ - സൂക്ഷ്മപ്രക്രിയ**

**1. ചിത്രവായന (10 മിനിറ്റ്)**

പാ.പു. പേജ് 7 ലെ ചിത്രം കാണുക. മാൻ കുഞ്ഞും പക്ഷിക്കുഞ്ഞുങ്ങളും അമ്മയോട്

പറയുന്നതെന്താവാം? കുട്ടികൾ ചിത്രം നിരീക്ഷിച്ച് പ്രതികരിക്കുന്നു പ്രതികരണങ്ങൾ ബോർഡിൽ എഴുതുന്നു. പ്രതികരണം - അമ്മയെ കാണാതെ ഞങ്ങൾ പേടിച്ചുപോയി. കാട്ടിൽ പല മൃഗങ്ങളുടേയും ശബ്ദം കേട്ടിരുന്നു. വിശപ്പ് സഹിക്കാൻ വയ്യാതായി.

**2. കവിത വായനയിലേക്ക് : (40 മിനിറ്റ്)**

അമ്മയെക്കാണാതെ വിഷമിച്ച കുഞ്ഞുങ്ങളെയാണ് നാമിപ്പോൾ കണ്ടത് എന്നാൽ മകനെ കാണാതെ വിഷമിക്കുന്ന അമ്മയെക്കുറിച്ച് നിങ്ങൾക്കറിയാമോ? നിങ്ങൾ സ്കൂൾ വിട്ട് വരാൻ വൈകിയാൽ അമ്മക്ക് വിഷമം തോന്നാറില്ലേ? എന്തിനാണ് അവർ വിഷമിക്കുന്നത്? കുട്ടികൾ പ്രതികരിക്കുന്നു. എന്നാൽ കണ്ണൻ കുസൃതി കാട്ടി ഓടിപ്പോയതാണ്. അവനെ തേടി അമ്മ നടക്കുകയാണ്. എവിടെ നോക്കിയിട്ടും മകനെ കാണാതെ അമ്മ വിഷമിക്കുന്നു. അമ്മ പലരോടും ചോദിച്ചു എന്റെ മകനെ കണ്ടോ എന്ന്? ആരോടെല്ലാമായിരിക്കും അമ്മ ചോദിച്ചിട്ടുണ്ടാവുക? നിങ്ങൾ ഊഹിച്ചു പറയൂ. കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ഇവരോട് മാത്രമാണോ അമ്മ അന്വേഷിച്ചിട്ടുണ്ടാവുക. എങ്ങനെ അറിയാം?

**3. കവിത വായന (40 മിനിറ്റ്)**

വ്യക്തിഗതമായി വായിക്കുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ആദ്യമെഴുതിയതുമായി താരതമ്യപ്പെടുത്തുന്നു. ശരിയായ പ്രതികരണം എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ട്? (അർത്ഥമറിയില്ല, വായിച്ച് ആശയം കിട്ടിയില്ല) എല്ലാവർക്കും അറിയേണ്ടേ? എങ്ങനെ സാധിക്കും?

ഓരോരുത്തരും ഈരടികൾ ചൊല്ലി അർത്ഥം വിശദീകരിക്കുന്നു.

**വീണ്ടും വായന -** വായിക്കുമ്പോൾ ഇഷ്ടമായത് (അടിവര) മനസ്സിലായത് (✓), മനസ്സിലാവാത്തത് (X) പെൻസിൽ കൊണ്ട് രേഖപ്പെടുത്തുന്നു. വ്യക്തിഗതമായി ചെയ്ത ശേഷം മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കണം. ചർച്ചയിലൂടെ ആശയം ഗ്രഹിക്കണം. തുടർന്ന് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ആവർത്തനം ഒഴിവാക്കണം. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടണം. ആശയം ക്രോഡീകരിക്കണം. പുതിയ പദങ്ങൾ നോട്ടുബുക്കിൽ എല്ലാവരും എഴുതി എന്ന് ഉറപ്പാക്കണം.

**പ്രതികരണ പേജിലേക്ക്**

ആശയ ഗ്രഹണത്തോടെ വായന നടന്നുവോ? എത്ര % പേർക്ക് അതിന് സാധിച്ചു?

കുട്ടികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്താണ്? തിരിച്ചറിവുകൾ എന്തെല്ലാം?

**4. ചിത്രവായന (10 മിനിറ്റ്)**

കവിതയിൽ പറഞ്ഞ ആരെല്ലാം ഈ ചിത്രത്തിലുണ്ട്? കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കുന്നു. മറ്റ് കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

**5. ആശയഗ്രഹണ ചോദ്യങ്ങൾ**

1. അമ്മ കണ്ണനെ അന്വേഷിച്ചത് ആരോടെല്ലാമാണ്? അവരുടെ മറുപടിയായി വരുന്ന വരികൾ ഏതെല്ലാം? 2. അമ്മ കണ്ണ് പൂട്ടി നില്ക്കാൻ കാരണമെന്തായിരിക്കും? 3. എപ്പോഴാണ് കണ്ണൻ ഓടക്കുഴൽ വിളിച്ചത്? കുട്ടികൾ വ്യക്തിഗതമായി ഉത്തരമെഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവതരണം ചർച്ച. മെച്ചപ്പെടുത്തുന്നു. പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. എല്ലാവരും നോട്ടുബുക്കിൽ എഴുതി എന്ന് ഉറപ്പാക്കണം.

**പ്രതികരണ പേജിലേക്ക്**

കുട്ടികളുടെ പങ്കാളിത്തം, ഗ്രൂപ്പ് പ്രവർത്തനം, സൂക്ഷ്മത, തിരിച്ചറിവുകൾ

**6. വിശകലന ചോദ്യം**

1. കണ്ണൻ അമ്മയെ ഒളിച്ചു നടക്കുന്നത് എന്തുകൊണ്ടാവാം? 2. കവിതയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട

വരിയേത്? എന്തുകൊണ്ട്? 3. 'കണ്ണും ചുവന്നമ്മ' 'കണ്ണും പൂട്ടി നിന്നമ്മ' എന്തൊക്കെ ഭാവങ്ങളാണ് ഈ വരികളിൽ തെളിയുന്നത്? 4. കണ്ണനെ കണ്ടില്ല എന്ന് എല്ലാവരും പറയുന്നത് എന്തുകൊണ്ടാവാം?

**മുകളിൽ കൊടുത്ത ചോദ്യങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.**

• കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി ഉത്തരമെഴുതുന്നു (10 മിനിറ്റ്) • മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിക്കുന്നു. ആദ്യം ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഓരോരുത്തരും വായിക്കണം. ചർച്ചചെയ്ത് ധാരണ വരുത്തിയശേഷം രണ്ടാമത്തെ ചോദ്യം എന്ന ക്രമത്തിൽ പ്രവർത്തനം തുടരണം.

1. കണ്ണൻ പല കുസൃതികളും കാണിച്ച് കൂട്ടുകാരുമൊത്ത് നടക്കുകയാണ്. അയൽക്കാരുടെ പശുക്കിടാങ്ങളെ അഴിച്ചിടുന്നു. വീടുകളിൽ കയറി പാലും വെണ്ണയും കട്ട് തിന്നുന്നു. അയൽക്കാർ വന്ന് അമ്മയായ യശോദയോട് പരാതി പറയുമ്പോൾ കണ്ണൻ ഓടി ഒളിക്കും. ഇതാണ് സന്ദർഭം

2. 'കമ്പുകരം വീട്ടു വിഴുന്നു ; മുഖം പുഞ്ചിരി കൊണ്ടു തിളങ്ങുന്നു

മക്കളോടുള്ള അമ്മമാരുടെ ഉദാത്തമായ സ്നേഹത്തിന്റെ സന്ദർഭം ഉദാഹരിക്കുകയാണിവിടെ.

മകന്റെ കുസൃതിയിൽ മനംനൊന്ത് അവനെ ശിക്ഷിക്കാനായി കമ്പുമെടുത്ത് ഇറങ്ങി പുറപ്പെട്ട അമ്മ നാട്ടിലും കാട്ടിലും അന്വേഷിക്കുന്നു. ആരുംതന്നെ കണ്ണനെവിടെയെന്നു പറയുന്നില്ല. ദേഷ്യവും സങ്കടവും സഹിക്കാനാകാതെ അമ്മ തിരിച്ചുപോകാനൊരുങ്ങുമ്പോൾ കാടിന്റെ അടിത്തട്ടിൽ നിന്നും ഓടക്കുഴൽ നാദം കേൾക്കുന്നു. ഈ സന്ദർഭത്തിൽ മകനെ അടിക്കാനായി കൊണ്ടുവന്ന വടി കൈകളിൽ നിന്നും വീണുപോകുന്നു. എല്ലാ ദുഃഖവും മാറി മുഖം പുഞ്ചിരികൊണ്ട് തിളങ്ങുകയും ചെയ്തു. സ്വാഭാവിതയും നാടകീയതയും ഒരുമിക്കുന്ന വരികളാണിത്. കമ്പ് വലിച്ചെറിയുകയല്ല, കരം വിട്ട് വീഴുകയാണ്. ഇവിടെ വീഴുന്നത് മകനോടുള്ള ദേഷ്യവും അവനെ ശിക്ഷിക്കാനുള്ള ആഗ്രഹവുമാണ്. കണ്ണൻ തന്റെ അടുത്തുണ്ടെന്ന അറിവ് തന്നെ ആ അമ്മയുടെ മനസ്സ് കുളിർപ്പിച്ചു. അതിന്റെ പ്രകടനമാണ് മുഖത്ത് കണ്ടത്.

(കുട്ടികൾ ഇഷ്ടപ്പെട്ട വരികൾ ടീച്ചർ തെരഞ്ഞെടുക്കരുത്. മറ്റ് വരികൾ തെരഞ്ഞെടുത്താൽ അവ വിശദീകരിക്കാനുള്ള സ്വാഭാവിക സന്ദർഭം ലഭിക്കും.)

3. മകന്റെ കുസൃതിയിൽ ദേഷ്യം വന്ന് മകനെ ശിക്ഷിക്കാനായി അവനെതേടി നടക്കുമ്പോഴത്തെ ഭാവമാണ് 'കണ്ണും ചുവന്നമ്മ 'എന്ന പ്രയോഗത്തിലൂടെ വ്യക്തമാകുന്നത്.

4. മകനെ കാണാതെ ക്ഷീണിച്ച് തിരിച്ചുപോകാനൊരുങ്ങുമ്പോൾ ഓടക്കുഴൽ നാദം കേട്ട് മകൻ അടുത്തുണ്ടെന്ന് തിരിച്ചറിഞ്ഞ മാതൃവാത്സല്യത്തിന്റെ പ്രകടനമാണ് കണ്ണുംപൂട്ടി നിന്നത്. എന്ന പ്രയോഗം സൂചിപ്പിക്കുന്നത്.

4.. എല്ലാവരും കണ്ണന്റെ കൂട്ടുകാരാണ്. കണ്ണൻ പല കുസൃതികളും കാട്ടുന്നത് കൂട്ടുകാർക്ക് കൂടി വേണ്ടിയാണ്. തങ്ങളുടെ കളികൂട്ടുകാരനെ അതമ്മയായാൽ പോലും വേദനിപ്പിക്കുന്നത് അവർക്കിഷ്ടമല്ല അതിനാലാവാം ആരും കണ്ണനെ കണ്ടില്ല എന്നു പറയുന്നത്.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും ഈ പ്രവർത്തനത്തിൽ മികച്ച നിലയിൽ പങ്കെടുക്കാൻ സാധിച്ചുവോ? നേരിട്ട പ്രശ്നങ്ങൾ? മുന്നാക്കക്കാരുടെ പ്രതികരണം? ടീച്ചർ എന്ന നിലയിൽ കവിതയുടെ ആസ്വാദനാംശത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ എത്രമാത്രം സാധിച്ചു?

**7. വരികൾ കണ്ടെത്താം**


വർക്ക് ഷീറ്റ് 3101 കുട്ടികൾക്ക് നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച മെച്ചപ്പെടുത്തുന്നു. പൊതു അവതരണം - ക്രോഡീകരണം

**8. കണ്ണന്റെ കുസൃതികൾ (40 മിനിറ്റ് )**

കാട്ടിൽ ഒളിച്ചുനടക്കുന്നത് കണ്ണന്റെ കുസൃതിയാണ്. ഇതുപോലെ കണ്ണന്റെ മറ്റ് കുസൃതികൾ കൂട്ടിച്ചേർക്കുക. കണ്ണന്റെ മറ്റ് കുസൃതികളുമായി ബന്ധപ്പെട്ട കഥകൾ കുട്ടികൾ പറയുന്നു.

പാ.പു. പേജ് 10 ലെ ചിത്രം നിരീക്ഷിച്ച് കഥകൾ പറയാം. കവിതയുടെ ആദ്യഭാഗം വായിക്കാനവസരം നൽകണം (ചാർട്ട്/ഫോട്ടോ കോപ്പി) (കണ്ണന്റെ കുസൃതികൾ എന്ന കുറിപ്പ് എഴുതാൻ ഈ വായന സഹായിക്കും) (ട.ടി പേജ് 75, 76 ലെ കവിതാഭാഗം വായനയുടെ വഴികളിലൂടെ 3150 ചേർക്കുക) വ്യക്തിഗത രചന - (10 മിനിറ്റ്) ഗ്രൂപ്പിൽ അവതരണം ചർച്ച (10 മിനിറ്റ്) പൊതു അവതരണം

ചർച്ച (10 മിനിറ്റ്) ടീച്ചർ വേർഷൻ അവതരണം - ചർച്ച മെച്ചപ്പെടുത്തൽ (10 മിനിറ്റ്)




**പ്രതികരണ പേജിലേക്ക്**

വായനയിലൂടെ എത്ര പേർക്ക് ആശയം ഗ്രഹിക്കാൻ കഴിഞ്ഞു? കവിതയിൽ പറഞ്ഞ എല്ലാ കുസൃതികളും രേഖപ്പെടുത്തിയോ? രചനയിൽ കുട്ടികളുടെ പുരോഗതി എത്രമാത്രം:?

**9. താളം കണ്ടെത്താം (30 മിനിറ്റ്)**

'കണ്ണന്റെ അമ്മ' എന്ന കവിതക്ക് ഉചിതമായ താളവും ഈണവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കണം. എല്ലാവർക്കും കവിത ഒഴുക്കോടെ വ്യക്തമായി വായിക്കാൻ കഴിയുന്നു എന്നുറപ്പാക്കണം തുടർന്ന് വ്യക്തിഗതമായി ഈണവും താളവും കണ്ടെത്തട്ടെ. കുറച്ച് കുട്ടികൾ ക്ലാസിൽ പൊതുവായി ചൊല്ലുന്നു. മികച്ചതേത്? എന്തുകൊണ്ട്?

സൂചകങ്ങൾ വികസിപ്പിക്കുന്നു.

- അനുയോജ്യമായ ഈണവും താളവും
- ഭാവം ഉൾക്കൊണ്ടു കൊണ്ടുള്ള ആലാപനം
- ആശയ വ്യക്തത, ഒഴുക്ക്

മൂന്നംഗ ഗ്രൂപ്പിൽ അവതരണം, സൂചകങ്ങൾ വെച്ച് മറ്റുള്ളവർ വിലയിരുത്തുന്നു.

മികച്ചവ കണ്ടെത്തുന്നു. ഗ്രൂപ്പുതല അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ചർച്ച

ടീച്ചറുടെ ആലാപനം / സിഡി അവതരണം. കുട്ടികൾ വിലയിരുത്തുന്നു - ടീച്ചറുടെ ക്രോഡീകരണം

**10. മാറ്റിച്ചൊല്ലാം - 20 മിനിറ്റ്**

പാ.പു. പേജ് 13ലെ പ്രവർത്തനം വായിക്കുന്നു. വ്യക്തിഗതമായി പകരം പദം കണ്ടെത്തി ചൊല്ലുന്നു. പൊതുവായി അവതരിപ്പിക്കുന്നു.

**11. ചൊല്ലി രസിക്കാം**

പാ.പു. പേജ് 13ലെ പ്രവർത്തനം. കുട്ടികൾ വായിക്കുന്നു. മുൻ പ്രവർത്തനത്തിൽ കണ്ടെത്തിയ ഈണത്തിൽ ഗ്രൂപ്പുകളുമായി കവിത ചൊല്ലുന്നു.

**12. മാറ്റിയെഴുതാം 20 മിനിറ്റ്**


പാ.പു. പേജ് 14ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമാക്കുന്നു. പാഠപുസ്തകത്തിൽ എഴുതുന്നു. മൂന്നംഗഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു) എഴുതുന്നു.

**13. ഒറ്റപ്പദമാക്കാം (10 മിനിറ്റ് )**

പാ.പു പേജ് 15 ലെ പ്രവർത്തനം വായിക്കുന്നു. പ്രവർത്തനം വ്യക്തിഗതമായി ചെയ്ത് പൊതു അവതരണം

**14. കഥാ രൂപത്തിലെഴുതാം**

കണ്ണന്റെ അമ്മ എന്ന കവിത കഥാരൂപത്തിലവതരിപ്പിക്കണം. ഒന്ന് രണ്ട് പേർ കഥാ രൂപത്തിൽ പറയട്ടെ. കുട്ടികൾ വിലയിരുത്തുന്നു. മികവുകൾ അവതരിപ്പിക്കുന്നു. എന്തെല്ലാം കാര്യങ്ങളാണ് കവിതയിലെ ആശയം കഥയാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്. കവിതയിലെ ആശയം, സംഭവം, പ്രധാന സന്ദർഭങ്ങൾ എന്നിവ കണ്ടെത്തണം കഥാപാത്രങ്ങൾ ആരൊക്കെ എന്ന് കണ്ടെത്തണം. സംഭവങ്ങളുടെ തുടർച്ച ഉറപ്പാക്കണം. നല്ല തുടക്കം വേണം. ഒടുക്കം വേണം. അനുയോജ്യമായ ഭാഷ, തലക്കെട്ട് ഉറപ്പാക്കണം.




എങ്കിൽ ഈ ധാരണയനുസരിച്ച് നിങ്ങൾ കഥ വ്യക്തിഗതമായി എഴുതുക (10 മിനിറ്റ്) മൂന്നംഗ ഗ്രൂപ്പിൽ അവതരണം ചർച്ച സൂചകം വെച്ച് വിലയിരുത്തൽ. വീണ്ടും മെച്ചപ്പെടുത്തുന്നു.

മികച്ചവ പൊതുഅവതരണം. - മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തൽ. ടീച്ചറുടെ രചന അവതരണം കുട്ടികൾ വിലയിരുത്തുന്നു. സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**15. എഡിറ്റിംഗ് (30മിനിറ്റ്)**

ഒരു ഗ്രൂപ്പിന്റെ രചന പൊതു എഡിറ്റിങ്ങിന് തെരഞ്ഞെടുക്കുന്നു. ഉചിതമായ ചോദ്യങ്ങളിലൂടെ എഡിറ്റ് ചെയ്യുന്നു.

***ആശയം***

● എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ? ● ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ? ● ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

● വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ● വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ● ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

● അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

● അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? ● അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

നല്ല തുടക്കവും ഒടുക്കവുമുണ്ടോ? രചന ഭാവനാത്മകമായിട്ടുണ്ടോ? കഥാപാത്രങ്ങളുടെ മികവ്. ആശയവുമായി യോജിപ്പിക്കുന്ന തലക്കെട്ട്

**16. കുട്ടിക്കാലം കുസൃതിക്കാലം (40 മിനിറ്റ്)**

പാ.പു പേജ് 14 പ്രവർത്തനം വായിക്കുക. എന്തു മനസ്സിലായി. എന്താണ് ചെയ്യേണ്ടത്? ചർച്ച. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടുന്നു. കുട്ടികൾ വ്യക്തിഗതമായി കുട്ടിക്കാലത്തെ രസകരമായ സംഭവം ഓർത്തെടുക്കണം. സ്വന്തമായി മനോപടം നിർമ്മിക്കുന്നു.

ആ സംഭവുമായി ബന്ധപ്പെട്ട ചിന്തകൾ, ഓർമ്മകൾ, സമാന അനുഭവങ്ങൾ, അതിലെ പങ്കാളികൾ എല്ലാം മനോഭൂപടത്തിൽ രേഖപ്പെടുത്തുന്നു. തുടർന്ന് ചിലർ പറഞ്ഞ് അവതരിപ്പിക്കുന്നു. മികച്ച അനുഭവ വിവരണത്തിന്റെ സൂചകം വികസിപ്പിക്കുന്നു.

അനുഭവത്തിന്റെ കരുത്ത്, സംഭവങ്ങളുടെ തുടർച്ച. അനുഭവ വിശകലനം, ആശയ വ്യക്തത, സമഗ്രത

വ്യക്തിഗതമായി അനുഭവ വിവരണം എഴുതുന്നു (10 മിനിറ്റ്). മൂന്നംഗ ഗ്രൂപ്പിൽ അവതരിപ്പിച്ച് വിലയിരുത്തണം (10 മിനിറ്റ്). പൊതു അവതരണം (10 മിനിറ്റ്) ടീച്ചർവേർഷൻ. അവതരണം ചർച്ച (10 മിനിറ്റ്) ക്രോഡീകരണം

**17. എഡിറ്റിംഗ് (30 മിനിറ്റ്)**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു

***ആശയം***

● എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ? ● ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ? ● ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

● വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ● വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ● ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

● അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

● അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? ● അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

● വിവരണത്തിൽ അനുഭവം തീവ്രമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ● അനുഭവങ്ങളുടെ തുടർച്ചയുണ്ടോ? അനുഭവത്തെ വിശകലനം ചെയ്ത് എഴുതിയിട്ടുണ്ടോ?

PENCIL

**Process Ensuring for Natural Classroom Interaction and Learning**

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ്-3101

| ക്ലാസ് : 3 | യൂണിറ്റ് 1 – അമ്മയോടൊപ്പം | മൊഡ്യൂൾ : 1. | കണ്ണന്റെ അമ്മ |
|---|---|---|---|

## വരികൾ കണ്ടെത്താം

| ആശയം | വരികൾ |
|---|---|
| അമ്മയുടെ വിഷമം അലിഞ്ഞു പോയി | |
| അമ്മയ്ക്ക് കോപം വന്നു | |
| കണ്ണൻ അടുത്തുണ്ട് എന്ന് അമ്മക്ക് മനസ്സിലായി | |
| അമ്മ തിരികെപ്പോകാനൊരുങ്ങുന്നു. | |

| ക്ലാസ് : 3 | യൂണിറ്റ് 1 - അമ്മയോടൊപ്പം | മൊഡ്യൂൾ : 1. | കണ്ണന്റെ അമ്മ |
|---|---|---|---|

## താരതമ്യക്കുറിപ്പ്

**താഴെ കൊടുത്ത കവിതാഭാഗം വായിക്കുക. കണ്ണന്റെ അമ്മ എന്ന കവിതാഭാഗവുമായി താരതമ്യം ചെയ്ത് കുറിപ്പെഴുതുക.**

അമ്മേയെനിക്കിപ്പോളമ്മിഞ്ഞി നൽകേണം
അല്ലെങ്കിലുണ്ണാനണയുകില്ല
അന്തിയായലുണ്ണീയമ്മിഞ്ഞ നൽകീടാം
എൻ മകനെപോയ് കളിച്ചുകൊൾക

അന്തിയായാലമ്മേയെന്തൊരടയാളം
അന്തിയായലുണ്ണീ കൂരിരുട്ട്
അന്നേരം കണ്ണുകൾ ചിമ്മി മുകുന്ദനും
അമ്മേയിരുട്ടായി കണ്ടുകൂടാ....

| | | |
|---|---|---|
| PENCIL എല്ലാവർക്കും പഠനനേട്ടം അധ്യാപനമികവിലൂടെ | **PENCIL**<br>**Process Ensuring for Natural Classroom Interaction and Learning**<br>**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**<br>**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ്-3103** | DIET MALAPPURAM |

| ക്ലാസ് : 3 | യൂണിറ്റ് 1 – അമ്മയോടൊപ്പം | മൊഡ്യൂൾ : 1. | കണ്ണന്റെ അമ്മ |
|---|---|---|---|

**പ്രകൃതിയിലെ ജീവജാലങ്ങൾക്ക് കണ്ണനോട് വലിയ ഇഷ്ടമാണ്. ഈ പ്രസ്താവന ശരിയാണോ? കണ്ണന്റെ അമ്മ എന്ന കവിത വായിച്ച് വിശദീകരിക്കുക**

| |
|---|
| പ്രസ്താവന ശരിയാണോ? |
| കാരണമായി ചൂണ്ടിക്കാട്ടാവുന്ന വരികൾ? ഏതെല്ലാം? |
| കണ്ടെത്തിയ വരികളിലെ ആശയം വിശദമാക്കുക. |

| ക്ലാസ് : 3 | യൂണിറ്റ് 1 – അമ്മയോടൊപ്പം | മൊഡ്യൂൾ : 1. | കണ്ണന്റെ അമ്മ |
|---|---|---|---|

# കണ്ണനെത്തേടി

അവനെവിടെയാണ് ഒളിച്ചിരിക്കുന്നത്? എനിക്കറിയാം. ഈ കാട്ടിൽ തന്നെയുണ്ടാവും? എന്റെ കൈയിലെ വടിയുടെ ചൂട് അവനിന്നറിയും. യശോദാമ്മ കോപത്താൽ വിറക്കുന്ന ചുണ്ടുകളും ചുവന്ന കണ്ണുമായി കാട്ടിലെത്തി. കുസൃതി കാട്ടി വീട്ടിൽ നിന്നും ഓടിയ കണ്ണനെത്തിരഞ്ഞ് എത്തിയതാണിവിടെ.

കാളിന്ദിയുടെ തീരത്ത് മാനും, പശുക്കളും വണ്ടും തുമ്പിയും നിർഭയമായി ഓടിക്കളിക്കുന്നു. പൂക്കളും പഴങ്ങളും ചുറ്റും സുഗന്ധം പരത്തുന്നു. യശോദയുടെ വരവ് കണ്ട് എല്ലാവരും പരിഭ്രാന്തരായി.

സങ്കടവും ദേഷ്യവും സഹിക്കവയ്യാതെ വണ്ടുകളോടും തുമ്പികളോടും കണ്ണനെക്കണ്ടോ എന്ന് ചോദിച്ചു. 'കണ്ടില്ല ഞങ്ങൾ കണ്ടില്ല' വണ്ടുകൾ മൂളിക്കൊണ്ട് അവർ പോയി. മലർച്ചെണ്ടുകളും അതു തന്നെ പറഞ്ഞു മിണ്ടാതനങ്ങതെ നിന്നു.

മുന്നിൽ കണ്ട പേടമാൻ കണ്ണനെ ഞാൻ കണ്ടിട്ടേയില്ല എന്ന ഭാവത്തിൽ കണ്ണും വെട്ടിച്ചു നിന്നു. കാളിന്ദിയാകട്ടെ തന്റെ കുഞ്ഞോളങ്ങളിളക്കിപ്പറഞ്ഞു കണ്ണൻ ഈ കാട്ടിലേക്ക് തന്നെ വന്നിട്ടില്ലെന്ന്. ഇതു കണ്ണന്റെ കളിയാണെന്നു മനസ്സിലാക്കിയ യശോദ എന്തു ചെയ്യേണ്ടു എന്നറിയാതെ നിന്നു. തിരിച്ചുപോകാൻ തുടങ്ങിയപ്പോൾ കാടിന്റെ നീലച്ച ഹൃദയത്തിൽ നിന്നും ആരെയും മയക്കുന്ന ആ മുരളീ ഗാനം ഉയർന്ന് വന്നു. ഗാനം കേട്ടനേരം യശോദാമ്മയുടെ മുഖം പുത്രവാത്സല്യം കൊണ്ട് തുടുത്തു. കണ്ണ് നിറഞ്ഞു. ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു. ആ മായാമുരളീരവം അവർ കണ്ണുകൾ പൂട്ടി ഹൃദയത്തിൽ നിറച്ചു. മകന്റെ രൂപം മുന്നിൽ പ്രത്യക്ഷപ്പെട്ടു. ആ അമ്മ മകനെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു. എല്ലാ ദുഃഖങ്ങളും അവരുടെ മനസ്സിൽ നിന്നും അകലുകയായി.